**പതിനഞ്ചാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**<u>2024 ഫെബ്രുവരി 14-ന് സഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം</u>**

കേരളത്തിന്റെ പലഭാഗങ്ങളിലും വന്യജീവികൾ ജനവാസമേഖലകളിലിറങ്ങുന്നത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിനും മനുഷ്യജീവനും സ്വത്തിനും കൃഷിയ്ക്കും ഭീഷണി ഉയർത്തുന്നതിനും കാരണമാകുകയും അതുവഴി നിരവധി മനുഷ്യജീവനുകൾ പൊലിയുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തതിനാലും;

കേന്ദ്ര വന്യജീവി സംരക്ഷണ നിയമ പ്രകാരം വന്യജീവികളായിട്ടുള്ള കാട്ടുപന്നി, വിവിധയിനം കുരങ്ങുകൾ മറ്റ് ജീവികൾ എന്നിവ വനത്തിനു പുറത്തുള്ള മേഖലകളിൽ പെറ്റുപെരുകി വന്യജീവി ശല്യം രൂക്ഷമാകുന്നതിനാലും;

ജനവാസ മേഖലകളിലിറങ്ങുന്ന ഇത്തരം ആക്രമണകാരികളായ വന്യജീവികളെ നശിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും തടസ്സങ്ങളാകുന്ന കർശന വ്യവസ്ഥകളടങ്ങിയ കേന്ദ്ര വന്യജീവി സംരക്ഷണ നിയമവും ചട്ടങ്ങളും നടപടിക്രമങ്ങളും ഉപദേശങ്ങളും മാനദണ്ഡങ്ങളും കാലാനുസൃതമായി ഭേദഗതി വരുത്താതെ നിലനിൽക്കുന്നതിനാലും;

കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ 62-ാം വകുപ്പുപ്രകാരം കാട്ടുപന്നി ഉൾപ്പെടെ വനത്തിന് പുറത്ത് പെറ്റുപെരുകുന്ന ഉപദ്രവകാരികളായ വന്യജീവികളെ ഉൻമൂലനം ചെയ്യുന്നതിന് കേന്ദ്രസർക്കാർ ആവർത്തിച്ച് അനുമതി നിഷേധിക്കുന്നതിനാലും;

പൊതുജനങ്ങൾക്ക് ജനവാസമേഖലകളിൽ ഭീതികൂടാതെ സമാധാനപരമായി ജീവിക്കുന്നതിനുള്ള സാഹചര്യം നിലനിർത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നതിനാലും;

ഇപ്പോൾ, അതിനാൽ,

1. കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ 11(1)(എ) വകുപ്പ് പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകിയിട്ടുള്ള എല്ലാ അധികാരങ്ങളും അടിയന്തര നടപടികൾ സ്വീകരിക്കാൻ സാധ്യമാക്കുന്ന വിധം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ഏൽപ്പിച്ചു നൽകുന്നതിന് വകുപ്പ് 5 (2) ഉൾപ്പെടെ ഭേദഗതി ചെയ്യണമെന്നും;

2. വകുപ്പ് 11(1)(എ)-യിലെ ക്ലിപ്ത നിബന്ധനകളിലെയും വിശദീകരണത്തിലെയും നടപടി ക്രമങ്ങളും, വന്യജീവി നിയമത്തിന് കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളും നടപടി ക്രമങ്ങളും ഉപദേശങ്ങളും (Advisories) മാനദണ്ഡങ്ങളും ലഘൂകരിക്കണമെന്നും ആവശ്യമായ പ്രായോഗിക വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രസ്തുത കേന്ദ്രനിയമം കാലാനുസൃതമായി ഭേദഗതി ചെയ്ത് വന്യജീവി ആക്രമണം തടയുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും;

3. കാട്ടുപന്നിയെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ 62-ാം വകുപ്പ് പ്രകാരം ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്നും;

4. വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകുന്നത് തടയാൻ അവയുടെ പ്രജനനത്തിന് നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും;

ഈ സഭ ഐകകണ്ഠ്യേന കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

തിരുവനന്തപുരം,
14.02.2024.

ഷാജി സി. ബേബി,
സെക്രട്ടറി-ഇൻ-ചാർജ്ജ്.